## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2228** 04.11.2019 - ൽ മറുപടിക്ക്.

### പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എം.ഉമ്മർ :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ് ലഭ്യമാകുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ടോ; വിശദാമാക്കാമോ;<br>(ബി) നിലവിൽ പ്രസ്തുത വിഭാഗക്കാർക്ക് റേഷൻകാർഡ് ലഭ്യമാകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകുമ്പോൾ 10 മാർക്ക് വെയിറ്റേജ് ആയി നൽകി വരുന്നുണ്ട്. അപ്രകാരം ആകെ 30-ഓ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്നവരെ സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തുകയും അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് സീനിയോറിറ്റി അനുസരിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുകയും ചെയ്യുന്നു. |
| (സി) പ്രസ്തുത വിഭാഗക്കാർക്ക് നൽകി വരുന്ന താൽക്കാലിക റേഷൻ കാർഡിന് പകരം സ്ഥിരം റേഷൻ കാർഡ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാമാക്കാമോ? | (സി) നിലവിൽ താൽക്കാലിക റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നില്ല. |

**സെക്ഷൻ ഓഫീസർ**